# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നം.*547.

5.7.2013-ൽ
മറുപടിയ്ക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

ചോദ്യം

ശ്രീ.പി. കെ.ബഷീർ :
ശ്രീ.കെ.എം.ഷാജി :
ശ്രീ.പി.ഉബൈദുള്ള:
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :

(എ) ഡിഗ്രിതല പഠനത്തോടൊപ്പമുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഏതൊക്കെ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതി നടത്തിപ്പിനായി എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ)

1. സർട്ടിഫൈഡ് അക്കൗണ്ടന്റ് ടെക്നീഷ്യൻ.
2. ഗ്ലോബൽ ബിസിനസ് ഫൗണ്ടേഷൻ സ്കിൽസ്
3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഡെന്റൽ അസിസ്റ്റന്റ്.
4. ബി.എസ്.എൻ.എൽ.സർട്ടിഫൈഡ് ടെക്നീഷ്യൻ.(മൊബൈൽ കമ്മ്യൂണിക്കേഷൻ)
5. ബി.എസ്.എൻ.എൽ.സർട്ടിഫൈഡ് (പി.സി.ഹാർഡ് വെയർ ആന്റ് നെറ്റ് വർക്കിംഗ് )
6. ബി.എസ്.എൻ.എൽ.സർട്ടിഫൈഡ് (ഒപ്റ്റിക്കൽ ഫൈബർ കമ്മ്യൂണിക്കേഷൻ)
7. എൻ.എസ്.സി.സർട്ടിഫൈഡ് കാപ്പിറ്റൽ മാർക്കറ്റ്സ് പ്രൊഫഷണൽ.
8. സർട്ടിഫിക്കറ്റ് ഇൻ ജൂനിയർ കറസ്പോണ്ടന്റ് കോഴ്സ്.
9. സർട്ടിഫിക്കറ്റ് ഇൻ പ്രിന്റിംഗ് ടെക്നോളജി
10. സർട്ടിഫിക്കറ്റ് ഇൻ പ്രിന്റഡ് സർക്യൂട്ട് ബോർഡ് ടെക്നോളജി.
11. സർട്ടിഫിക്കറ്റ് ഇൻ പ്രോഡക്ട് ടെസ്റ്റിംഗ്.

എന്നീ തൊഴിലധിഷ്ഠിത കോഴ്സുകൾ ആണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ കോഴ്സുകൾ തയ്യാറാക്കുന്നതിനുള്ള ശ്രമം പുരോഗമിക്കുന്നു.

(ബി) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ (ASAP) എന്ന നൈപുണി വികസന പദ്ധതിയിൽ സംസ്ഥാന തലത്തിൽ ഒരു പ്രോഗ്രാം സെക്രട്ടേറിയറ്റ് രൂപീകരിച്ചു.

ഉന്നതവിദ്യാഭ്യാസ -പൊതുവിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ പരിശീലന പരിപാടികൾ നടത്തി വരുന്നു.

പരിശീലനത്തിന്റെ ആദ്യഘട്ടമായ ഫൗണ്ടേഷൻ മൊഡ്യൂളിന്റെ കമ്മ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി എന്നിവയുടെ പാഠ്യപദ്ധതി രൂപീകരിക്കുകയും ആവശ്യമായ പരിശീലകരെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും ചെയ്തു. ഈ പരിശീലകർ അസാപ് സ്ഥാപനങ്ങളിൽ തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നതിനായി 73 പ്രോഗ്രാം മാനേജർമാരെ തിരഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 26 സർക്കാർ കോളേജുകളിൽ ആദ്യഘട്ടബാച്ചുകളുടെ പരിശീലനം പുരോഗമിക്കുകയാണ്. കോളേജ് പ്രിൻസിപ്പൽ, സ്ഥാപനത്തിലെ അദ്ധ്യാപക കോ-ഓർഡിനേറ്റർ, ഒരു ക്ലാസ്സ് 4 ജീവനക്കാരൻ എന്നിവരാണ് പരിശീലനത്തിന് ആവശ്യമായ മേൽനോട്ടവും സഹായവും നൽകുന്നത്.

അടുത്തഘട്ടമായ സ്കിൽ മോഡ്യൂൾ സംബന്ധിച്ച പരിശീലനത്തിനായി വിവിധ വ്യവസായിക മേഖലകളിൽ നിന്നും പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഈ മേഖലയിൽ പരിശീലകരെ തയ്യാറാക്കി വരുന്നു. പ്രസ്തുത നൈപുണി പരിശീലനം ഓഗസ്റ്റ് ഒന്ന് മുതൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സി) ഇത്തരം തൊഴിലധിഷ്ഠിത കോഴ്സുകൾക്കും കോഴ്സ് പൂർത്തിയാക്കിയശേഷം നൽകുന്ന സർട്ടിഫിക്കറ്റിനും അംഗീകാരം നൽകുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ?

(സി) നൈപുണി മേഖലയിൽ പരിശീലനം സംബന്ധിച്ച സർട്ടിഫിക്കറ്റ് കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകളും നൈപുണിമേഖലയുമായി ബന്ധപ്പെട്ട വ്യവസായവും സംയുക്തമായി നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിവിധ സ്കിൽ സെക്ടർ കൗൺസിലുകളുടെ അംഗീകാരം തേടുന്നതിനും അതുവഴി നാഷണൽ വൊക്കേഷണൽ എഡ്യുക്കേഷണൽ ക്വാളിഫിക്കേഷൻ പ്രോഗ്രാം വർക്കിലുമായി ബന്ധപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ